പത്രക്കുറിപ്പ്
27/08/2020

# കോവിഡ് പ്രതിരോധം- കുടുംബശ്രീയുടെ ഡിസിൻഫെക്ഷൻ ടീമുകൾ എല്ലാ ജില്ലകളിലും പ്രവർത്തനസജ്ജം

തിരുവനന്തപുരം : കോവിഡ്-19 രോഗം പകരാതെ പ്രതിരോധിക്കുന്നതിനുള്ള പ്രധാന മാർഗ്ഗങ്ങളിലൊന്നായ അണുവിമുക്തമാക്കൽ പ്രക്രിയയ്ക്കായി കുടുംബശ്രീയുടെ പ്രത്യേക ഡിസിൻഫെക്ഷൻ ടീമുകൾ പ്രവർത്തനസജ്ജമായി. 14 ജില്ലകളിലും സംരംഭ മാതൃകയിലാണ് ഈ ടീമുകൾ രൂപീകരിച്ചത്. ഇത്തരത്തിൽ അണുവിമുക്തമാക്കൽ പ്രവ ർത്തനം നടത്തുന്നതിന് 317 കുടുംബശ്രീ അംഗങ്ങൾക്ക്/കുടുംബശ്രീ അംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് പരിശീലനം നൽകിയാണ് യൂണിറ്റുകൾ രൂപീകരിച്ചത്. ഇവരിൽ 162 പേർ ഹരിതകർമ്മസേനാംഗങ്ങളാണ്. 44 സംരംഭ യൂണിറ്റുകളും ഇതുവരെ രജി സ്ട്രർ ചെയ്തുകഴിഞ്ഞു. ജില്ലാഭരണകൂടവും ആരോഗ്യവകുപ്പും നിർദ്ദേശിക്കുന്നത നുസരിച്ചുള്ള അണുവിമുക്തമാക്കൽ പ്രവർത്തനങ്ങളും ഇവർ നടത്തുന്നു.

കൊറോണ വൈറസ് ബാധിച്ച് കോവിഡ് പോസിറ്റീവായ വ്യക്തികളുടെ വീടുകളും അവരുപയോഗിച്ചിരുന്ന വാഹനങ്ങളും ഓഫീസുകളുമൊക്കെയാണ് അണുവിമുക്ത മാക്കുന്നത്. ഫയർ ആൻഡ് റെസ്ക്യു, ആരോഗ്യ വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ വിവിധ ഇടങ്ങളിൽ അണുവിമുക്തമാക്കൽ പ്രക്രിയ നടന്നുവന്നിരുന്നു. എന്നാൽ കോവിഡ് രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ഈ മേഖലയിൽ മികച്ച പരിശീലനം നേടിയവരുടെ ആവശ്യകതയുണ്ടെന്നതിനാലാണ് കുടുംബശ്രീ മുഖേന ഇത്തരത്തിലൊരു പ്രവർത്തനം ആരംഭിച്ചത്.

16 ലിറ്റർ കൊള്ളുന്ന, തോളിൽ ഉറപ്പിക്കാനാകുന്ന ഒരു പവർ സ്പ്രേയർ ഉപയോഗിച്ചു കൊണ്ടാണ് അണുവിമുക്തമാക്കൽ പ്രക്രിയ പ്രധാനമായും നടത്തുന്നത്. ഈ പവർ സ്പ്രേയറിൽ സോഡിയം ഹൈപ്പോ ക്ലോറൈറ്റ് എന്ന അണുനാശിനി വെള്ളത്തോ ടൊപ്പം ചേർത്ത് നിറയ്ക്കുന്നു. ഒറ്റത്തവണ കൊണ്ട് 7000 ചതുരശ്ര അടി സ്ഥലം ഇങ്ങനെ വൃത്തിയാക്കാനാകും. ഈ ലായനി സ്പ്രേ ചെയ്ത് ഒരു മണിക്കൂറിന് ശേഷം പ്രതലം വൃത്തിയാക്കുന്നു. ബ്ലീച്ചിങ് ലായനി ഉപയോഗിച്ച് വീണ്ടും ഇവിടം കഴുകി വൃത്തിയാക്കുന്നു. പിന്നീട് സാനിറ്റൈസർ ഉപയോഗിച്ച് വീണ്ടും അണുവിമു ക്തമാ ക്കുന്നു. അവസാനഘട്ടത്തിൽ പുൽത്തൈലം ഉപയോഗിച്ച് ശുചിയാക്കുന്നു. ഈ മാതൃകയാണ് അണുവിമുക്തമാക്കൽ പ്രക്രിയയ്ക്ക് പ്രധാനമായും പിന്തുടരുന്നത്.

കുടുംബശ്രീ സംഘങ്ങൾക്ക് ഫയർ ആൻഡ് റെസ്ക്യൂ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിലാണ് അണുവിമുക്തമാക്കൽ പ്രവർത്തനത്തിനുള്ള ശാ സ്ത്രീയമായ പരിശീലനം നൽകിയത്. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ പേർ

പരിശീലനം നേടിയത്. 52 പേർ. തിരുവനന്തപുരത്ത് 46 പേർക്കും വയനാട്ടിൽ 42 പേർക്കും പത്തനംതിട്ടയിൽ 32 പേർക്കും പരിശീലനം നൽകി കഴിഞ്ഞു. ശേഷിച്ച ജില്ലകളിലായി ശരാശരി 12 പേർക്ക് വീതവും പരിശീലനം നൽകിയിട്ടുണ്ട്  കൂടുതൽ പേർക്ക് പരിശീലനം നൽകി യൂണിറ്റുകൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ ജില്ലകൾ തോറും പുരോഗമിക്കുകയാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ